LIBRARY ARCHIVES Kerala Legislative Assembly

ഭവന നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും അംഗീകരിക്കുന്നതിനുള്ള നടപടി

248 (4602) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനനിർമ്മാണ സഹകരണ സംഘങ്ങളടക്കം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ബാങ്കുകളിൽ നിന്നും ഭവന വായ്പ ലഭിക്കുന്നതിന് പണിയുന്ന വീടിന്റെ പ്ലാനും എസ്റ്റിമേറ്റും പി.ഡബ്ല്യു.ഡി. വകുപ്പിലെ ബിൽഡിംഗ്സ് അസിസ്റ്റന്റ് എൻജിനീയർമാർ അംഗീകരിച്ച് നൽകണമെന്ന വ്യവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം പ്ലാനും എസ്റ്റിമേറ്റും അംഗീകാരത്തിനുവേണ്ടി സമർപ്പിക്കുമ്പോൾ എന്തെങ്കിലും ഫീസ് ഈ ഇനത്തിൽ ഈടാക്കുവാൻ നിർദ്ദേശമുണ്ടോ ;

(സി) സാധാരണക്കാരായ ആളുകൾ വീട് നിർമ്മിക്കുന്നതിന് സമർപ്പിക്കുന്ന പ്ലാനും എസ്റ്റിമേറ്റും ഫീസ് ഈടാക്കാതെ അംഗീകരിച്ച് നൽകണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഭവന നിർമ്മാണ സഹകരണ സംഘങ്ങളടക്കം ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ബാങ്കുകളിൽനിന്നും ഭവന വായ്പ ലഭിക്കുന്നതിന് പണിയുന്ന വീടിന്റെ പ്ലാനും എസ്റ്റിമേറ്റും പി.ഡബ്ല്യു.ഡി. വകുപ്പിലെ ബിൽഡിംഗ്സ് അസിസ്റ്റന്റ് എൻജിനീയർമാർ തന്നെ അംഗീകരിച്ച് നൽകണമെന്ന വ്യവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക

249 (4603) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പി.ഡബ്ല്യു.ഡി. കരാറുകാർക്കുള്ള കുടിശ്ശിക കൊടുക്കാറുണ്ടോ ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ ?

ഉത്തരം

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 4/2010 വരെയും കെട്ടിട വിഭാഗത്തിൽ 3/2010 വരെയുള്ള ബില്ലുകളുടെ തുക നൽകി കഴിഞ്ഞു. ന്യൂനതകളില്ലാതെ സർക്കാരിൽ ലഭിക്കുന്ന ബില്ലുകൾക്ക് പണം നൽകുന്നതിന് ഇപ്പോൾ യാതൊരു തടസ്സവുമില്ല.

[നക്ഷത്രചിഹ്നമിടാത്ത 4333, 4334, 4337, 4338, 4339, 4340, 4349, 4350, 4356, 4359, 4363, 4364, 4366, 4369, 4376, 4377, 4380, 4382, 4391, 4409, 4410, 4411, 4412, 4461, 4479, 4510 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമാക്കിയിട്ടില്ല.]